LIBRARY ARCHIVES Kerala Legislative Assembly

യോഗത്തിൽ ചൊക്ലി കോളേജിന്റെ സ്ഥലത്ത് തലശ്ശേരി- കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിനുള്ള ഉപയോഗാനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്ത വിഷയം സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

&

(ബി) കുടിവെള്ള പദ്ധതിയുടെ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

ടി വിഷയം സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭ്യമായ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

വാമനപുരത്ത് സർക്കാർ കോളേജ് ആരംഭിക്കാൻ നടപടി

136(1121) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വാമനപുരം കേന്ദ്രമാക്കി ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോളേജ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ലെന്ന വിവരം B3/330/2018/ഉ.വി.വ,2-6-2020-ലെ കത്ത് പ്രകാരം സ്ഥലം എം.എൽ.എ.-യെ അറിയിച്ചിരുന്നു.

നിലമ്പൂർ ആർട്സ് & സയൻസ് കോളേജിലെ അസൗകര്യങ്ങൾ

137(1122) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ആർട്സ് & സയൻസ് കോളേജിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ സർക്കാർ ആർട്സ്& സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനായി അർത്ഥനാപത്രവും മറ്റ് അനുബന്ധ രേഖകളും മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) കോളേജ് നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടം സൗകര്യങ്ങൾ കുറവുള്ളതും ആവശ്യമായ ക്ലാസ് മുറികൾ ഇല്ലാത്തതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അദ്ധ്യയന വർഷം മുതൽ ക്ലാസുകൾ ആരംഭിക്കേണ്ടിവരുമ്പോൾ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായി വരുമോ എന്നറിയിക്കുമോ?

ഉണ്ട്. നിലവിൽ കോളേജിലെ ക്ലാസുകൾ ഓൺലൈൻ സംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കി കോളേജിൽ സാധാരണഗതിയിലുള്ള അദ്ധ്യയനം ആരംഭിക്കുന്നതിനുമുൻപ് തന്നെ ഭൂമി ഏറ്റെടുക്കൽ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) നിലമ്പൂർ സർക്കാർ കോളേജിനുവേണ്ടി പൂക്കോട്ടുംപാടത്ത് കണ്ടെത്തിയ സ്ഥലത്ത് താത്കാലിക കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്ഥലമേറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സന്നദ്ധമാകുമോ?

ഭൂമിയേറ്റെടുക്കൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ.ഉ.(സാധാ) നമ്പർ 937/2021/ഉ. വി.വ, 20-7-2021 പ്രകാരം നിലമ്പൂർ ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന 12,07,30,379 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കോളേജിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാത്തതിനാൽ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കാമോ?

സ.ഉ.(കൈ) നമ്പർ 123/2020/ഉ.വി.വ. 13-3-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നിലമ്പൂർ സർക്കാർ കോളേജിൽ ഒരു പ്രിൻസിപ്പാൾ തസ്തികയും അദ്ധ്യാപക തസ്തികകളും സ.ഉ.(കൈ)നമ്പർ 121/2021/ഉ.വി.വ., 18-2-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം 12 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.